**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2681** **13-02-2024 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം. ഇ. പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എം.എസ്.എം.ഇ. കളെ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | 1. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത് വരെ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ സംസ്ഥാനത്ത് ആകെ 2,33,079 സംരംഭങ്ങൾ ആരംഭിക്കുകയും അത് വഴി 15,294 കോടി രൂപയുടെ നിക്ഷേപം ആർജ്ജിക്കുകയും 5,18,168 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.<br><br>2 .ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് വഴി നടപ്പിലാക്കിയ സുപ്രധാന പദ്ധതിയായിരുന്നു 'ഒരു ലക്ഷം സംരംഭങ്ങൾ' പദ്ധതി. 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 27 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആകെ 2,18,676 പുതിയ സംരംഭങ്ങൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. ഇതുവഴി 13,842 കോടി രൂപയുടെ നിക്ഷേപവും 4,65,176 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>3.വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്ക് വേണ്ട സഹായങ്ങൾ നല്കുന്നതി നുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള Enterprise Development Executive (EDA) മാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.<br><br>4. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.<br><br>5.സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതി നായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. |

6.സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചു.

7. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

8. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും കുറഞ്ഞപലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.

9.എല്ലാ ജില്ലകളിലും എം.എസ്.എം.ഇ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

10.സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും, ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി, ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സുമായി (ONDC) MoU ഒപ്പ് വച്ചു. ONDC നെറ്റ്‌വർക്കിലേക്ക് പ്രൊഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതി നുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു.

11.സംസ്ഥാനത്തെ ഭൗമ സൂചിക **(GI)** ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന ത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്ന തിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചു. ഭൗമ സൂചിക ലഭിച്ചിട്ടുള്ള കേരളത്തിൽ നിന്നുള്ള ഉല്പാദകരുടെ ഒരു സംഗമം ഇതിന്റെ ഭാഗമായി 2023 ജനുവരി മാസം നടത്തി.

12.തദ്ദേശ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾക്ക് കീഴിൽ പ്രോജക്ടുകൾ കണ്ടെത്തുന്നതിനും സ്ഥാപിക്കു ന്നതിനുമുള്ള ഒരു കാമ്പയിൻ നടത്തി.

13.2023-24 സാമ്പത്തിക വർഷത്തിൽ MSME സുസ്ഥിരത പദ്ധതി നടപ്പിലാക്കുന്നുണ്ട്. സംരംഭക വർഷംത്തിന്റെ ഭാഗമായി രൂപീകരിച്ച സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുക, സംസ്ഥാനത്തെ പുതിയ MSME-കളിൽ കുറഞ്ഞത് 70% എങ്കിലും വിജയകരമായി പ്രവർത്തിക്കും എന്ന് ഉറപ്പാക്കുക, സംസ്ഥാനത്തെ പുതിയ MSME-കളുടെ വിറ്റുവരവിൽ 5% വളർച്ചാ നിരക്ക് ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കു ന്നതിന് ഹ്രസ്വകാല പ്രവർത്തനങ്ങളും ദീർഘകാല പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്.

14.സംസ്ഥാനത്തെ വ്യവസായങ്ങൾ സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി സർക്കാർ MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി.

15.കേരളത്തിലെ MSME-കളിൽ നിന്നും തിരഞ്ഞെടുക്കുന്ന 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ മിഷൻ 1000 പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു.

16.കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്ന ങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാ ക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

17.കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചു.

18. സംരംഭങ്ങൾക്ക് 4% പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്ന ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കി

19.സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ടി പദ്ധതി പ്രകാരം 16 വ്യവസായ എസ്റ്റേറ്റുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകി.

| | | | |
|---|---|---|---|
| | | | 20.വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾക്കായി പുതിയ നിയമം കൊണ്ട് വന്നു.<br><br>21.വ്യവസായ ആവശ്യത്തിനായുള്ള സ്ഥല ലഭ്യതയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയി ലുള്ള, ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വ്യവസായ വികസനത്തിനായി ഉപയോഗി ക്കാനായി ക്യാമ്പസ് ഇന്ഡസ്ട്രിയൽ പാർക്ക് പദ്ധതി ആവിഷ്കരിച്ചു.<br><br>22.സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും അധീനതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വ്യവസായവികസനത്തിനായി ഉപയോഗിക്കാനായി ലക്ഷ്യമിടുന്ന സഹകരണ വ്യവസായ പാർക്ക് പദ്ധതി പ്രാഥമിക ഘട്ടത്തിലാണ്.<br><br>23.സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് സാമ്പത്തിക സഹായം നൽകുന്നതിന് മുൻ കാലങ്ങളിൽ ആവിഷ്കരിച്ച സംരംഭക സഹായ പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്, തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കു ന്നതിനുള്ള പദ്ധതി എന്നിവയും ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുക ൾക്കുള്ള സഹായ പദ്ധതി, നിലവിലുള്ള എം. എസ്.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനു സഹായം നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ